ശ്രീ. ജോസഫ് ചാഴിക്കാട്ടൻ: ഗവണ്മെന്റിന്റെ ചെലവു കുറക്കുന്നതിനു വേണ്ടി ഒരു കമ്മീഷനെ നിശ്ചയിക്കുകയും അദ്ദേഹം എന്തൊക്കെയോ റിപ്പോർട്ട് കൊടുക്കുകയും ചെയ്തിട്ടുണ്ട്, ആ കമ്മീഷൻ ഈ ബ്ലോക്കുകളെ സംബന്ധിച്ച് ഒരു നേഷണം നടത്തിയാൽ അനേകലക്ഷംരൂപാ ചെലവു കുറയ്ക്കാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് അതിനെപ്പറ്റി അന്വേഷണം നടത്താൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ആ കമ്മിഷൻ പൊതുവിൽ എല്ലാ കാര്യങ്ങളെപ്പറ്റിയും അന്വേഷണം നടത്തുകയാണു്.

ശ്രീ. കെ. കൃഷ്ണൻ: എൻ. ഈ എസ്. ബ്ലോക്കും ടൈബൽ ബ്ലോക്കും തമ്മിൽ വ്യത്യാസമുണ്ടോ? എൻ. ഈ. എസ്. ബ്ലോക്ക് ഡെവലപ്പ്മെന്റ് കമ്മിറ്റിയെപ്പോലെതന്നെയാണോ ടൈബൽ ബ്ലോക്കിലുള്ള കമ്മിറ്റി അതുപോലെതന്നെ ടൈബൽ ബ്ലോക്കിനും പീപ്പിൾസ് കോൺട്രിബ്യൂഷൻ വേണമെന്നുള്ള നിബന്ധനയുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെയൊരു നിബന്ധനവച്ചിട്ടില്ല. ടൈബൽ ബ്ലോക്കിനു് പ്രത്യേക പരിഗണനയുണ്ടു്. അതിനു പ്രത്യേകം ഒരു ഗ്രാന്റ് വകയിരുത്തിയിട്ടുണ്ടു്. ടൈബൽ ബ്ലോക്കു് അഡ്വൈസറി കമ്മിറ്റി രൂപവൽക്കരിക്കുന്നതിലും കുറച്ചു വ്യത്യാസമുണ്ടു്.

ശ്രീ. പി. സി. രാഘവൻ നായർ: പ്രീ എക്സറ്റൻഷൻ ബ്ലോക്കുകളിൽ ബി. ഡി. ഓ. മാരുടെ തസ്തിക എടുത്തുകളഞ്ഞിരിക്കുകയാണു്. ബി. ഡി. ഓ മാരായി പി. എസ്സ്. സി. സെലക്റ്റുചെയ്ത ലീസ്റ്റു് അയച്ചിട്ടു് കുറെ മാസങ്ങളായി. ഇനിയും നിയമിക്കാതിരിക്കാനുള്ള കാരണമെന്താണു്? ഇനിയെങ്കിലും നിയമിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പ്രീ എക്സ്റ്റൻഷൻ ബ്ലോക്കു് ഒന്നാം സ്റ്റേജ് ബ്ലോക്കുകളായി രൂപാന്തരപ്പെടുമ്പോഴേ പ്രത്യേകമായി ഡെവലപ്പ്മെന്റ് ആഫീസറന്മാരുടെ ആവശ്യം അവിടെ വരികയുള്ളു എന്നുള്ളതുകൊണ്ടാണു് തൽക്കാലം നിയമിക്കാത്തതു്. പഞ്ചായത്തു തിരഞ്ഞെടുപ്പുകാലത്തു് കുറച്ചുകാലം ഡെവലപ്പ്മെന്റു് ആഫീസറന്മാരെ വച്ചിരുന്നു. രണ്ടു മൂന്നുമാസത്തിനുള്ളിൽ ഇങ്ങനെയുള്ള ബ്ലോക്കുകളിൽ ബ്ലോക്കു ഡെവലപ്പ്മെന്റു് ആഫീസറന്മാരെ നിയമിക്കും.

Colonisation, Settlement and Housing Schemes.

* 521. [5] **Shri P. S. Karthikeyan:** Will the Minister for Harijan welfare be pleased to state:

(a) what is the amount expended by Government under:

1. Colonisation,
2. Settlement, and
3. Housing Schemes;

During April 1963 to December 1963; and

(b) how many houses have been built under the above schemes during the above period?

2/1638/V.

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

		രൂ.	ന. പ.
(എ)	കാളനൈസേഷൻ സ്കീം	7,42,891	69
	സെറ്റിൽമെന്റ് സ്കീം	2,39,095	77
	മറ്റു ഹൗസിംഗ് പദ്ധതികൾ	38,86,007	60
	ആകെ	4867995	06
(ബി)	കോളനൈസേഷൻ സ്കീം	90	വീടുകൾ
	സെറ്റിൽമെന്റ് സ്കീം	365	,,
	മറ്റു ഹൗസിംഗ് പദ്ധതികൾ	506	,,
	ആകെ	961	വീടുകൾ

വെൽഫെയർ സ്കൂളുകൾ

* 522. [6] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനക്ഷേമവകുപ്പിന്റെ കീഴിലുള്ള വെൽഫെയർ സ്കൂളുകളിൽ 3-ാം സ്റ്റാൻഡാർഡു മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സമ്പ്രദായം ഇന്നു നിലവിലുണ്ടോ ;

(ബി) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള എൽ. പി. സ്കൂളുകളിൽ 3-ാം സ്റ്റാൻഡാർഡു മുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു പ്രത്യേകം കുറെ അദ്ധ്യാപകന്മാരെ സെലക്റ്റുചെയ്തു അവർക്കു പ്രത്യേക പരിശീലനം കൊടുത്തതുപോലെ ഹരിജൻ വെൽഫെയർ സ്കൂൾ അദ്ധ്യാപകന്മാർക്ക് പ്രത്യേക പരിശീലനം കൊടുത്തുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഉണ്ട്.

(ബി) പ്രത്യേക പരിശീലനം ഇതുവരെ കൊടുത്തില്ല. ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. സി. ആദിച്ചൻ : എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും കുറെ അദ്ധ്യാപകന്മാരെ എടുത്തു പരിശീലനം കൊടുത്തതായി എനിക്കു നേരിട്ടറിയാം. അങ്ങനെ ഒരു വിഭാഗക്കാർക്ക് പരിശീലനം കൊടുക്കുകയും വെൽഫെയർ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു പരിശീലനം കൊടുക്കാതിരിക്കുകയും ചെയ്യുമ്പോൾ പഠിപ്പിക്കുന്നതിൽ വ്യത്യാസമുണ്ടാവുകയില്ലേ ? അങ്ങനെ വ്യത്യാസം വരുമ്പോൾ വെൽഫെയർ സ്കൂളുകളിലെ വിദ്യാഭ്യാസം മോശമാണെന്നു റിപ്പോർട്ടുചെയ്യാൻ ഇടവരികയില്ലേ ?

ശ്രീ. കെ. കുഞ്ഞമ്പു : പരിശീലനം കൊടുക്കേണ്ടെന്നു പറഞ്ഞില്ല. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ഒരു refresher course കൊടുക്കുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. അതുപോലെ ഈ അദ്ധ്യാപകർക്കും പരിശീലനം കൊടുക്കുന്നതിനുള്ള നടപടിയെടുത്തുവരികയാണ്.

ശ്രീ. ഓ. കോരൻ : ഹരിജനക്ഷേമവകുപ്പിന്റെ കീഴിലുള്ള യു. പി. സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകന്മാരെ നിയമിക്കാൻ തീരുമാനം എടുത്തിരുന്നു. അവരെ നിയമിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ കഴിയുന്നതും വേഗത്തിൽ നിയമിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : യു. പി. സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകന്മാരെ നിയമിക്കാൻ ഈ സാമ്പത്തിക വർഷത്തിൽ സംഖ്യ നീക്കിവച്ചിട്ടുണ്ട് 64-65-ൽ നിയമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly